**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 55 10.12.2012 ലെ മറുപടിക്ക്

**എയർ ഇന്ത്യ വിമാന സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എം. ആരിഫ്: | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എയർ ഇന്ത്യ കേരളത്തിൽ നിന്നുള്ള എത്ര വിമാന സർവ്വീസുകൾ റദ്ദാക്കിയിട്ടുണ്ടെന്ന് അറിയാമോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുഖ്യമായും 08.05.2012 നു തുടങ്ങിയ പൈലറ്റുമാരുടെ സമരത്തെത്തുടർന്ന് എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസ്സും കൂടി വിവിധ ഗൾഫ് രാജ്യങ്ങളിലേക്കുള്ള 225 ഫ്ളൈറ്റുകൾ റദ്ദാക്കിയിരുന്നു. |
| (ബി) | സംസ്ഥാനത്ത് ഓരോ എയർപോർട്ടിൽ നിന്നും ഈ കാലയളവിൽ എയർ ഇന്ത്യ പിൻവലിച്ച വിമാന സർവ്വീസുകൾ എത്രയാണെന്ന് അറിയാമോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നുമുള്ള 30ഉം, കൊച്ചി വിമാനത്താവളത്തിൽ നിന്നുള്ള 123ഉം, കോഴിക്കോട് വിമാനത്താവളത്തിൽ നിന്നുമുള്ള 72ഉം എണ്ണം ഫ്ളൈറ്റുകളാണ് റദ്ദാക്കിയത്. |
| (സി) | ഇതേ കാലയളവിൽ എയർ ഇന്ത്യ ടിക്കറ്റ് നിരക്കിൽ എത്ര തവണ വർധന വരുത്തുകയുണ്ടായെന്നും ഇപ്പോഴത്തെ നിരക്കുകളും ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന നിരക്കുകളും തമ്മിൽ ശരാശരി എത്ര ശതമാനം വർധന ഉണ്ടായി എന്ന് അറിയാമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ വിവരം ലഭ്യമല്ല. എന്നാൽ, കേരളത്തിൽ നിന്നും ഗൾഫ് രാജ്യങ്ങളിലേക്കും തിരിച്ചും വർഷം മുഴുവൻ വിവിധ നിലയിലെ ടിക്കറ്റ് നിരക്കാണ് ഈടാക്കുന്നത്. തിരക്ക് കുറഞ്ഞ സമയത്ത് യാത്രക്കാരുടെ എണ്ണത്തിലുള്ള കുറവും, വിദേശ എയർലൈനുകളുടെ കടുത്ത മത്സരവും കാരണം കുറഞ്ഞ നിരക്കാണ് ഈടാക്കുന്നത്. തിരക്കുള്ള സമയത്ത് നേരത്തേ ബുക്ക് ചെയ്യുന്നവർക്ക് കുറഞ്ഞ നിരക്കിലും അവസാന നിമിഷം ബുക്ക് ചെയ്യുന്നവർക്ക് IATA/DGCA അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന നിരക്കിലും ടിക്കറ്റ് വാങ്ങേണ്ടി വരും. ലോകത്തെ എല്ലാ എയർലൈനുകളും ടിക്കറ്റ് നിരക്ക് ഈടാക്കുന്നത് ഈ രീതിയിലാണ്. ഗൾഫ് മേഖലയിലേയ്ക്ക് സർവ്വീസ് നടത്തുന്ന മറ്റ് എയർലൈനുകളുമായി താരതമ്യം ചെയ്യുമ്പോൾ എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസ്സും തിരക്കുള്ള സമയത്തും കുറഞ്ഞ ടിക്കറ്റ് നിരക്കാണ് ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ.

7